മഞ്ചേശ്വരം സീതാംഗോളിയിൽ ഐ.ടി.ഐ.

89 (4145) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ സീതാംഗോളിയിൽ പുതുതായി അനുവദിച്ച ഐ.ടി.ഐ. എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

(ബി) ഈ ഐ.ടി.ഐ. യിൽ ഏതെല്ലാം കോഴ്സുകളാണ് ശുപാർശ ചെയ്തിരിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ വർഷംതന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ എന്നീ ട്രേഡുകളാണ് സീതാംഗോളിയിൽ പുതിയ ഐ.ടി.ഐ.-ക്കായി ശുപാർശ ചെയ്തിരിക്കുന്നത്.

ഐ.ടി.സി.കൾ

90 (4146) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ഐ.ടി.സി.കൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ.ടി.സി.-കൾ ആരംഭിക്കുന്നതു സംബന്ധിച്ച അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 121 ഐ.ടി.സി.-കൾ ആരംഭിച്ചു. കൂടാതെ 6 പുതിയ ഐ.ടി.സി.കൾക്ക് 2010 ആഗസ്റ്റ് മുതൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അഫിലിയേഷൻ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. അവസാന തീയതിയായ 10-2-2010 വരെ ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

വ്യവസായ പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ഒഴിവുകൾ

91 (4147) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ പരിശീലന വകുപ്പിൽ 2010 മാർച്ച് 31-ലെ വിരമിക്കൽ മൂലവും അതിനുമുൻപും ഉണ്ടായ എത്ര ഒഴിവുകൾ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ,

LIBRARY ARCHIVES Kerala Legislative Assembly